✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

## 1023

# സൂറ - 33 / അൽ അഹ്സാബ്

**സൂക്തം: 01**

സത്യനിഷേധികളെയും കപടവിശ്വാസികളെയും ചേർത്തുപറഞ്ഞത് ഈ രണ്ടു കൂട്ടരും അടിസ്ഥാനപരമായി ഒരേ ഗണമാണെന്ന് വ്യക്തമാക്കുന്നു. ഇസ്‌ലാം വിരോധത്തിൽ ഇരു കക്ഷികളും തുല്യരാണ്. വ്യത്യാസം ഇതുമാത്രം: കാഫിറുകൾ തങ്ങളുടെ ശത്രുത തുറന്നു പറഞ്ഞ് പുറമെ നിന്ന് ഇസ്‌ലാമിനെ നശിപ്പിക്കാൻ ശ്രമിക്കുന്നു. മുനാഫിഖുകൾ വിശ്വാസികളെന്നു നടിച്ച് മുസ്‌ലിം സമൂഹത്തിനകത്ത് കടന്നുകയറി ഉള്ളിൽനിന്ന് നശിപ്പിക്കാൻ ശ്രമിക്കുന്നു.

**അവതരണം: മദീനയിൽ, സൂക്തങ്ങൾ: 73**

## ആമുഖം

'അൽ അഹ്സാബ്' എന്ന സൂറാ നാമം സർവാംഗീകൃതമാകുന്നു. മറ്റു നാമങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടില്ല. ب حز -ന്റെ ബഹുവചനമാണ് ب احزا. പാർട്ടിയും കക്ഷിയും കൂട്ടായ്മയുമൊക്കെയാണ് ب حز. ഇതിന്റെ ബഹുവചനം സഖ്യകക്ഷികൾ എന്ന അർഥത്തിലും ഉപയോഗിക്കുന്നു. ഈ സൂറാ നാമത്തിന്റെയും താൽപര്യം അതാണ്. ഖുറൈശികളും ചില അറബ് ഗോത്രങ്ങളും യഹൂദ ഗോത്രങ്ങളും ചേർന്ന് ഒരു വൻ സൈന്യം രൂപീകരിച്ച് മുസ്‌ലിംകളെ ഉന്മൂലനം ചെയ്യാൻ മദീനയിലെത്തിയ സംഭവം അഹ്സാബ് യുദ്ധം എന്ന പേരിലറിയപ്പെടുന്നു. ഖന്ദഖ് (കിടങ്ങ്) യുദ്ധം എന്നും ഈ സംഭവം അറിയപ്പെടുന്നുണ്ട്. ശത്രുക്കളെ പ്രതിരോധിക്കാൻ മുസ്‌ലിംകൾ മദീനയുടെ പ്രവേശന ഭാഗങ്ങളിൽ ആഴമുള്ള കിടങ്ങു കുഴിച്ചതിനാലാണ് ആ പേര് വന്നത്. അഹ്സാബ് യുദ്ധം നിരൂപണം ചെയ്യുന്നതുകൊണ്ടാണ് ഇത് സൂറ അൽ അഹ്സാബ് എന്നു നാമകരണം ചെയ്യപ്പെട്ടത്. മുസ്ഹഫിൽ 33-ാമതായി ചേർത്തിട്ടുള്ള ഈ സൂറ അവതരണക്രമമനുസരിച്ച് 90-ാമത്തേതാകുന്നു. അൽ അൻഫാലിനു ശേഷം അൽമാഇദക്ക് മുമ്പാണ് ഇതവതരിച്ചതെന്ന് പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

ഹി. അഞ്ചാം ആണ്ടിലാണ് അഹ്സാബ്-ബനൂ ഖുറൈള യുദ്ധങ്ങളുണ്ടായത്. ഏതാണ്ടതേ കാലത്തുതന്നെയാണ് സൈദ്-സൈനബ് ദാമ്പത്യം തകർന്നതും അനന്തരം നബി(സ) സൈനബിനെ വിവാഹം ചെയ്തതും. ആ സംഭവവും അതിനെത്തുടർന്ന് ഉളവായ വിവാദവും സൂറ പരാമർശിക്കുന്നുണ്ട്. അതിനാൽ പ്രവാചകന്റെ മദീനാ ജീവിതത്തിന്റെ മധ്യദശയിലാണ് അൽ അഹ്സാബ് അവതരിച്ചതെന്ന് മനസ്സിലാക്കാം. അവതരണം മദീനയിലാണെന്ന കാര്യത്തിലും തർക്കമില്ല.

അല്ലാഹു ദിവ്യബോധനം വഴി ഇറക്കുന്ന ഉത്തരവ്

എന്തുതന്നെയായാലും അത് നടപ്പിലാക്കണമെന്നും ജനങ്ങളുടെ പ്രതികരണം പരിഗണിച്ച് അമാന്തിക്കരുതെന്നും എല്ലാം അല്ലാഹുവില്‍ സമര്‍പ്പിച്ചു മുന്നോട്ടു പോകണമെന്നും പ്രവാചകനെ ഉണര്‍ത്തിക്കൊണ്ടാണ് സൂറ ആരംഭിക്കുന്നത്. ഒരു മനുഷ്യനും രണ്ട് മനസ്സുകളില്ല. ഒരു സ്ത്രീയും ഒരിക്കല്‍ ഒരാളുടെ ഭാര്യയും പിന്നെ അയാളുടെ മാതാവുമാകുന്നില്ല. ഒരാളുടെ ബീജത്തില്‍ പിറന്ന പുത്രന്റെ പിതാവ് മറ്റൊരാളാവുകയുമില്ല. ഭാര്യമാരെ മാതാക്കളായി പ്രഖ്യാപിക്കുന്നതും ദത്തുപുത്രന്മാരെ ഔരസ പുത്രന്മാരായി അംഗീകരിക്കുന്നതും ഔരസ പുത്രന്മാര്‍ക്കുള്ള അവകാശബാധ്യതകള്‍ കല്‍പിക്കുന്നതും അനാചാരങ്ങളാണ്.

തുടര്‍ന്ന് അഹ്സാബ് -ബനൂഖുറൈള യുദ്ധങ്ങളെ പരാമര്‍ശിച്ചശേഷം ദുരിതത്തിന്റേതും ദാരിദ്ര്യത്തിന്റേതുമായ ആ ഘട്ടത്തില്‍ ജീവിതപ്രാരാബ്ദങ്ങളില്‍ അക്ഷമരായ പ്രവാചക പത്നിമാരെ ക്ഷമയും സഹനവും ഉപദേശിക്കുന്നു. അതിനു സാധ്യമല്ലെങ്കില്‍ അവര്‍ക്ക് പ്രവാചകനുമായുള്ള ദാമ്പത്യം പിരിഞ്ഞ് സുഖകരമായ ജീവിതം തേടി പോകാം. ഇതോടൊപ്പം പ്രവാചക പത്നിമാര്‍ പാലിക്കേണ്ട പെരുമാറ്റ മര്യാദകള്‍ വിശദീകരിക്കുന്നുമുണ്ട്.

36 മുതല്‍ 48 വരെ സൂക്തങ്ങള്‍ ചര്‍ച്ച ചെയ്യുന്ന വിഷയം സൈനബുമായുള്ള പ്രവാചകന്റെ വിവാഹമാണ്. അതിന്റെ പേരില്‍ അവിശ്വാസികളും കപടവിശ്വാസികളും പ്രവാചകനെതിരെ രൂക്ഷമായ ആക്ഷേപങ്ങളുന്നയിച്ച് അപവാദ പ്രചാരണമഴിച്ചു വിട്ടിരുന്നു. ചില വിശ്വാസികളിലും അതു സംബന്ധിച്ച് സംശയങ്ങളുയര്‍ന്നു. ഈ ആക്ഷേപങ്ങള്‍ക്കും സംശയങ്ങള്‍ക്കും യുക്തമായ മറുപടി നല്‍കുകയാണീ സൂക്തങ്ങള്‍. അതോടൊപ്പം മുഹമ്മദ് നബി അവസാനത്തെ പ്രവാചകനാണെന്നും ദൈവത്തില്‍നിന്ന് നേരിട്ടുള്ള ഖണ്ഡിതമായ വിധി ആവശ്യമുള്ള കാര്യങ്ങളിലെല്ലാം അത് അദ്ദേഹത്തിലൂടെ തന്നെ വെളിപ്പെടേണ്ടതുണ്ടെന്നും ഓര്‍മിപ്പിക്കുന്നു. വിവാഹ വിഷയത്തില്‍ പ്രവാചകന് സാമാന്യ മുസ്‌ലിംകളുടേതില്‍നിന്ന് വ്യത്യസ്തമായ ചില നിയമങ്ങളുണ്ട്. അത് അദ്ദേഹം തന്നിഷ്ടപ്രകാരം നിര്‍മിച്ചതല്ല, അല്ലാഹുവിങ്കല്‍നിന്നുള്ള കല്‍പനകളാണ്.

തുടര്‍ന്ന് വിശ്വാസികള്‍ പ്രവാചകനോടും പ്രവാചക പത്നിമാരോടും പാലിക്കേണ്ട മര്യാദകള്‍ വിശദീകരിച്ചിരിക്കുന്നു. പ്രവാചകന് ശല്യമാകുന്ന വിധത്തിലുള്ള സംസാരമോ പ്രവൃത്തിയോ വിശ്വാസികളില്‍നിന്നുണ്ടായിക്കൂടാ. പ്രവാചക പത്നിമാരെ മാതാക്കളായി കരുതി ആദരിക്കണം. പ്രവാചകന്റെ കാലശേഷവും അവര്‍ വിശ്വാസികളുടെ മാതാക്കള്‍ - امهات المؤمنين- ആകുന്നു. ആരും അവരെ വിവാഹം ചെയ്യാവതല്ല. പ്രവാചകനെയും കുടുംബത്തെയും കുറിച്ച് അപവാദങ്ങള്‍ പ്രചരിപ്പിക്കുന്നവര്‍ക്ക് പരലോകത്ത് കഠിനമായ ശിക്ഷ നേരിടേണ്ടിവരുമെന്ന് താക്കീതു ചെയ്തിരിക്കുന്നു. പ്രവാചകനെയും കുടുംബത്തെയും മാത്രമല്ല ആരെയും അവര്‍ ചെയ്യാത്ത കുറ്റങ്ങളാരോപിച്ച് വിശ്വാസികള്‍ അപവദിച്ചുകൂടാ. അപവാദങ്ങള്‍ക്കിടം കൊടുക്കാതിരിക്കാന്‍ സ്ത്രീകളും ശ്രദ്ധിക്കണം. മാറു മറച്ചും പര്‍ദ ധരിച്ചും വേണം അവര്‍ വെളിയില്‍ സഞ്ചരിക്കാന്‍.

ഒടുവില്‍ എല്ലാവരെയും ലോകാവസാനത്തെയും ഉയിര്‍ത്തെഴുന്നേല്‍പിനെയും കുറിച്ച് ഉദ്ബോധിപ്പിക്കുന്നു. അത് അതിവിദൂരമാണെന്ന് വിചാരിക്കേണ്ട. നിങ്ങളുടെ തലക്കു മുകളില്‍ തന്നെ തൂങ്ങിനില്‍ക്കുന്നുണ്ട്. അന്ന് ആര്‍ക്കും മറ്റുള്ളവര്‍ ഉപകാരപ്പെടുകയില്ല. നേതാക്കന്മാരും അനുയായികളും പരസ്പരം ശപിച്ചുകൊണ്ടിരിക്കും. സ്വന്തം പ്രവാചകനായ മൂസാ(അ)യെ നിരന്തരം ദ്രോഹിച്ചിരുന്ന യഹൂദരെ അനുകരിക്കരുതെന്ന് കപട വിശ്വാസികളെ ഉണര്‍ത്തുന്നു. അവസാനം അദ്ദേഹം യശസ്വിയും പ്രതാപിയുമായി ഉയരുകയും ദ്രോഹിച്ചവര്‍ അഭിശപ്തരാവുകയും ചെയ്തുവല്ലോ. അല്ലാഹുവിനെ ഭയപ്പെടുകയും അവന്റെ ദൂതനെ അനുസരിക്കുകയുമാണ് ശരിയായ ചര്യ. അത്തരക്കാരെ അല്ലാഹു മാര്‍ഗദര്‍ശനം ചെയ്യുന്നു. അവരുടെ പാപങ്ങള്‍ പൊറുത്തുകൊടുക്കുന്നു. അതാണ് മഹത്തായ ജീവിത സാഫല്യത്തിലേക്കുള്ള രാജപാത.

അല്ലാഹു മറ്റൊരു സൃഷ്ടിയിലും അര്‍പ്പിക്കാതെ മനുഷ്യനില്‍ മാത്രം അര്‍പ്പിച്ച ഉത്തരവാദിത്ത(امانة)ത്തെ അനുസ്മരിപ്പിച്ചുകൊണ്ടാണ് സൂറ അവസാനിക്കുന്നത്. ഈ ഉത്തരവാദിത്തത്തിന്റെ നിര്‍വഹണത്തെ ആശ്രയിച്ചിരിക്കുന്നു മനുഷ്യന്റെ ഉത്ഥാനവും പതനവും. ഉത്തരവാദിത്തം ശരിയായി നിര്‍വഹിച്ചവര്‍ക്കു മീതെ മറ്റാരുമില്ല. ഉത്തരവാദിത്തത്തെ അവഗണിച്ചുതള്ളിയവനേക്കാള്‍ അധഃപതിച്ച നിര്‍ഭാഗ്യവാനായും മറ്റാരുമില്ല.

ഈ സൂറയെ സൂറ 'അസ്സജദ'യുടെ പിന്നിലായി വിന്യസിച്ചതിന്റെ ഔചിത്യം മുഫസ്സിറുകള്‍ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു: ആശയപരമായി അസ്സജദയുടെ അന്ത്യവചനത്തിന്റെ തുടര്‍ച്ചയാണീ സൂറയുടെ തുടക്കം. സത്യനിഷേധികളുടെ നിഷേധം അവഗണിക്കാനും അവരുടെ പരിണതി കാത്തിരിക്കാനും പറഞ്ഞുകൊണ്ടാണല്ലോ അസ്സജദ അവസാനിക്കുന്നത്. തഖ്‌വ കൈക്കൊണ്ട് സത്യനിഷേധികള്‍ക്കും കപടന്മാര്‍ക്കും വഴങ്ങാതെ ദൈവിക സന്ദേശങ്ങള്‍ പിന്‍പറ്റാനും സര്‍വവും അല്ലാഹുവില്‍ സമര്‍പ്പിച്ച് മുന്നോട്ടുപോകാനും കല്‍പിച്ചുകൊണ്ടാണ് ഈ സൂറ ആരംഭിക്കുന്നത്.

●

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

يَٰٓأَيُّهَا ٱلنَّبِيُّ ٱتَّقِ ٱللَّهَ وَلَا تُطِعِ ٱلْكَٰفِرِينَ وَٱلْمُنَٰفِقِينَ ۗ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمًا ﴿١﴾

1. അല്ലയോ പ്രവാചകാ, അല്ലാഹുവിന്റെ ഉത്തരവ് നടപ്പിലാക്കുക. സത്യനിഷേധികൾക്കും കപടന്മാർക്കും വഴങ്ങിപ്പോകരുത്. തീർച്ചയായും അല്ലാഹു സർവജ്ഞനായ യുക്തിമാനാകുന്നു.

**1**

يَٰٓأَيُّهَا ٱلنَّبِيُّ = അല്ലയോ പ്രവാചകാ

ٱتَّقِ ٱللَّهَ = അല്ലാഹുവിനെ സൂക്ഷിക്കുക, ഭയപ്പെടുക (വിന്റെ ഉത്തരവ് നടപ്പിലാക്കുക)

وَلَا تُطِعِ = (വഴങ്ങിപ്പോകരുത്) നീ അനുസരിക്കേണ്ട ٱلْكَٰفِرِينَ وَٱلْمُنَٰفِقِينَ = സത്യനിഷേധികൾക്കും കപടന്മാർക്കും

إِنَّ ٱللَّهَ = തീർച്ചയായും അല്ലാഹു كَانَ عَلِيمًا حَكِيمًا = സർവജ്ഞനായ യുക്തിമാനാകുന്നു

നബി(സ) അവിശ്വാസികളിൽനിന്നും കപടവിശ്വാസികളിൽനിന്നും പലവിധ സമ്മർദങ്ങൾ നേരിടുകയും അപവാദങ്ങൾ കേൾക്കുകയും ചെയ്തുകൊണ്ടിരുന്ന കാലത്താണ് ഈ സൂക്തവും തുടർന്നുള്ള സൂക്തങ്ങളും അവതരിക്കുന്നത്. അതേക്കുറിച്ച് ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി ഇബ്നു ജരീർ ഉദ്ധരിക്കുന്നു: വലീദുബ്നു മുഗീറയും ശൈബ തുബ്നു റബീഅയും ഉൾപ്പെടെയുള്ള മക്കയിലെ ചില പ്രമുഖന്മാർ പ്രവാചകനോട് ആവശ്യപ്പെട്ടു: 'നീ നിന്റെ വാദങ്ങളൊക്കെ പിൻവലിക്കണം. പകരം ഞങ്ങളുടെ ധനത്തിന്റെ പകുതി നിനക്കു തരാം.' അതോടൊപ്പം വാദങ്ങൾ പിൻവലിച്ചില്ലെങ്കിൽ തങ്ങൾ കൊന്നുകളയുമെന്ന് മദീനയിലെ കപടന്മാരും യഹൂദരും അദ്ദേഹത്തെ ഭീഷണിപ്പെടുത്തുകയും ചെയ്തു. ആ സന്ദർഭത്തിൽ ഈ സൂക്തം അവതരിച്ചു.

വാഹിദി തന്റെ അസ്ബാബുന്നുസൂലിൽ രേഖപ്പെടുത്തുന്നതിങ്ങനെ: അബൂ സുഫ്യാൻ, അബൂജഹ്ലിന്റെ പുത്രൻ ഇക്രിമ, അബുൽ അഅ്വറുസ്സുലമി തുടങ്ങിയവരെക്കുറിച്ച് അവതരിച്ചതാണീ സൂക്തം. ഉഹുദ് യുദ്ധത്തിനു ശേഷം അവർ മദീനയിൽ വന്നു. കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യ് അവർക്ക് ആതിഥ്യം നൽകി. നബി (സ) അവർക്ക് നിർഭയമായി തന്നോട് സംസാരിക്കാൻ അനുവാദവും നൽകി. അവരോടൊപ്പമുണ്ടായിരുന്ന അബ്ദുല്ലാഹിബ്നു സഅ്ദുബ്നു സർഹുമും തുഅ്മതുബ്നു ഉബൈരിഖും എഴുന്നേറ്റു നിന്ന് നബിയോടാവശ്യപ്പെട്ടു: താൻ ഞങ്ങളുടെ ദൈവങ്ങളായ ലാത്തയെയും ഉസ്സയെയും മനാത്തയെയും വിമർശിക്കുന്നത് നിർത്തണം. പകരം അവർ പരമേശ്വരനോട് ശിപാർശ ചെയ്യാൻ അധികാരമുള്ളവരും തങ്ങളുടെ ആരാധകർക്ക് ഗുണം ചെയ്യാൻ കഴിവുള്ളവരുമാണെന്നു പറയണം. എങ്കിൽ തന്നെയും തന്റെ റബ്ബിനെയും ഞങ്ങൾ വെറുതെ വിടാം.' അവരുടെ സംസാരം നബി(സ)യിൽ കോപവും കുണ്ഠിതവുമുണ്ടാക്കി. ഇതിനു സാക്ഷിയായി അടുത്തുണ്ടായിരുന്ന ഉമർ (റ)ഏറെ കോപിഷ്ഠനായി. അദ്ദേഹം പ്രവാചകനോട് അപേക്ഷിച്ചു: "ദൈവദൂതരേ, ഇവരെ വധിക്കാൻ അങ്ങ് എന്നെ അനുവദിച്ചാലും." തിരുമേനി പറഞ്ഞു: "പാടില്ല. ഞാൻ അവർക്ക് അഭയം വാഗ്ദാനം ചെയ്തിട്ടുള്ളതാണ്." ഉമർ(റ) പറഞ്ഞു: "അല്ലാഹുവിന്റെ ശാപവും കോപവും കൊണ്ട് ഉടനെ നിങ്ങൾ ഇവിടന്ന് സ്ഥലം വിടണം." അവരെ മദീനയിൽനിന്ന് പുറത്താക്കാൻ നബി(സ)യും കൽപിച്ചു. ഈ സന്ദർഭത്തിൽ പ്രകൃത സൂക്തം അവതരിച്ചു.

നബി(സ)യുടെ വിമുക്ത അടിമയായിരുന്ന (مولى) സൈദുബ്നു ഹാരിസയിൽനിന്ന് വിവാഹമുക്തയായ സൈനബ് ബിൻത് ജഹ്ശുമായുള്ള പ്രവാചകന്റെ വിവാഹം സംബന്ധിച്ചായിരുന്നു അപവാദ പ്രചാരണം. സാംസ്കാരികമായ പല മാനങ്ങളുള്ളതായിരുന്നു ഈ വിവാഹം. അതേക്കുറിച്ച് ശേഷം വിശദമായി പറയുന്നുണ്ട്.

اتق എന്ന കൽപനക്രിയ تقوى എന്ന മൂലത്തിൽനിന്നുള്ളതാണ്. കരുതൽ, കാവൽ, ഭയം, ഭക്തി, സൂക്ഷ്മത തുടങ്ങി അനേകം അർഥങ്ങളുണ്ടിതിന്. ഈമാനും ഇഹ്സാനും ഇബാദത്തും പോലെ ഇസ്ലാമിന്റെ അടിസ്ഥാന മൂല്യങ്ങളിലൊന്നാണ് تقوى. വിശുദ്ധ ഖുർആൻ 2:2 മുതൽ നിരവധി സൂക്തങ്ങളിൽ تقوى-യും അതിന്റെ വിവിധ രൂപങ്ങളും പരാമർശിച്ചിരിക്കുന്നു. ആവശ്യമായ സന്ദർഭങ്ങളിൽ *ഖുർആൻ ബോധനം* വിശദീകരിച്ചിട്ടുമുണ്ട്. ഉദാ: 2:2. اتق الله എന്ന വാക്കിന് അല്ലാഹുവിനെ ഭയപ്പെടുക എന്നും അല്ലാഹുവിനെക്കുറിച്ച് കരുതലുണ്ടായിരിക്കുക, ജാഗ്രതയുണ്ടായിരിക്കുക എന്നും അർഥമാവാം. അല്ലാഹുവിന്റെ കൽപനകൾ നടപ്പിലാക്കുകയും നിരോധിച്ച കാര്യങ്ങൾ വെടിയുകയും ചെയ്യുക എന്നാണ് ഇസ്ലാമിക പണ്ഡിതന്മാർ تقوى-യെ നിർവചിച്ചിട്ടുള്ളത്. ഇതാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടതെന്ന്, തുടർന്ന് നിഷേധികൾക്കും കപടന്മാർക്കും വഴങ്ങരുതെന്നും ദിവ്യബോധനം പിൻപറ്റണമെന്നും പറയുന്നതിൽനിന്ന് വ്യക്തമാകുന്നു.

പ്രവാചകനെ സംബോധന ചെയ്തുകൊണ്ടാണ് اتق الله എന്നു കൽപിക്കുന്നത്. പ്രവാചകന് അതുവരെ തഖ്വ ഇല്ലാതിരുന്നതുകൊണ്ട്, അഥവാ അല്ലാഹുവിന്റെ കൽപനകൾ പാലിക്കാതിരുന്നതുകൊണ്ട് അല്ല ഈ കൽപന. പ്രവാചകൻ തന്റെ ദൈവഭക്തിയെ കൂടുതൽ ഉജ്ജ്വലമാക്കിക്കൊണ്ടിരിക്കണം, അല്ലെങ്കിൽ അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കുന്നതിൽ കൂടുതൽ ഊർ

ജസ്വലനായിരിക്കണം എന്നാണ് താൽപര്യം. സത്യവിശ്വാസികളെ സംബോധന ചെയ്തുകൊണ്ട്

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ ءَامِنُوا۟ بِٱللَّهِ وَرَسُولِهِۦ وَٱلْكِتَٰبِ ٱلَّذِى نَزَّلَ عَلَىٰ رَسُولِهِۦ

(അല്ലയോ സത്യവിശ്വാസികളായവരേ, നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും ദൂതന് ഇറക്കിക്കൊടുത്തിട്ടുള്ള വേദത്തിലും വിശ്വസിക്കുവിൻ-4:136) എന്ന് കൽപിച്ചിട്ടുള്ളതുപോലെയാണിത്. ദൈവിക സന്ദേശം ജനങ്ങളിൽ പ്രബോധനം ചെയ്യാൻ നിയുക്തനാണ് ദൈവദൂതൻ- റസൂൽ. അതാണ് തന്റെ ദൗത്യമെന്ന് റസൂലിന് നന്നായറിയാം. അതദ്ദേഹം നിർവഹിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. എന്നിട്ടും അല്ലാഹു അദ്ദേഹത്തോട് കൽപിക്കുന്നു; يَٰٓأَيُّهَا ٱلرَّسُولُ بَلِّغْ مَآ أُنزِلَ إِلَيْكَ مِن رَّبِّكَ (അല്ലയോ ദൈവദൂതാ, നിന്റെ നാഥൻ നിനക്കവതരിപ്പിച്ചുതന്നിട്ടുള്ള സന്ദേശം ജനങ്ങളിൽ പ്രബോധനം ചെയ്തുകൊണ്ടിരിക്കുക-5:67). ഇത്തരം സംബോധനകൾ പ്രവാചകനോടുള്ള ആദരവ് പ്രകാശിപ്പിക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ മഹത്തായ ദൗത്യം ഓർമിപ്പിക്കുകയും ചെയ്യുന്നു. അതായത്, നിഷേധികളെയും വിരോധികളെയും വകവെക്കാതെ അല്ലാഹുവിന്റെ സന്ദേശം പ്രചരിപ്പിക്കാനും പ്രാവർത്തികമാക്കാനും നിയോഗിക്കപ്പെട്ടവനാണ് താങ്കൾ.

സത്യനിഷേധികളുടെയും കപടന്മാരുടെയും സമ്മർദങ്ങൾക്കും പ്രലോഭനങ്ങൾക്കും വഴങ്ങാൻ പ്രവാചകൻ തയാറായതുകൊണ്ടല്ല, അവർക്ക് വഴങ്ങരുത്- وَلَا تُطِعِ ٱلْكَٰفِرِينَ وَٱلْمُنَٰفِقِينَ എന്നു കൽപിക്കുന്നത്. ഭീഷണികൾക്കും പ്രലോഭനങ്ങൾക്കും വഴങ്ങാൻ നീ ഒരിക്കലും തയാറായിട്ടില്ല. മദീനയിലേതിനേക്കാൾ കടുത്ത ഭീഷണിയും പ്രലോഭനവും ഉണ്ടായിരുന്നത് മക്കയിലാണ്. അന്ന് സമ്പത്തോ രാജത്വമോ സുന്ദരികളോ എന്തു വേണമെങ്കിലും തരാം; ഈ പ്രസ്ഥാനം ഉപേക്ഷിക്കണം എന്ന് സ്വന്തം പിതൃവ്യനും സംരക്ഷകനുമായ അബൂത്വാലിബ് മുഖേന ഖുറൈശികൾ പ്രലോഭിപ്പിച്ചപ്പോൾ പ്രവാചകന്റെ മറുപടി ഇതായിരുന്നു: 'ഒരു കൈയിൽ സൂര്യനും മറുകൈയിൽ ചന്ദ്രനും വെച്ചുതന്നാലും ഞാനീ ആദർശം ഉപേക്ഷിക്കാൻ തയാറല്ല.' ഭീഷണിയും പ്രലോഭനവുമായി മദീനയിലെത്തിയ ഖുറൈശി പ്രതിനിധികളെയും കപടവിശ്വാസികളെയും രാജ്യത്തിന് പുറത്താക്കാൻ നബി(സ) കൽപിച്ച സംഭവം മുകളിൽ ഉദ്ധരിച്ചിട്ടുണ്ടല്ലോ. പ്രകൃത സന്ദർഭത്തിൽ ഈ കൽപന അവിശ്വാസികൾക്കും കപട വിശ്വാസികൾക്കുമുള്ള ശക്തമായ സന്ദേശമാണ്. നിങ്ങൾ എന്തൊക്കെ ഭീഷണികളും പ്രലോഭനങ്ങളും പ്രയോഗിച്ചാലും പ്രവാചകൻ അതിനൊന്നും വഴങ്ങാൻ പോകുന്നില്ല; വഴങ്ങരുതെന്ന് അല്ലാഹു അവന്റെ പ്രവാചകനോട് കൽപിച്ചിരിക്കുന്നു. ദുഷ്ട ജനം ഉയർത്തുന്ന ഭീഷണികൾ വകവെക്കുകയോ അപവാദങ്ങൾക്ക് ചെവി കൊടുക്കുകയോ ചെയ്യരുതെന്ന സന്ദേശം പ്രവാചകനുമുണ്ട്. അല്ലാഹുവിന്റെ കൽപനകൾ നടപ്പിലാക്കാൻ പ്രതിജ്ഞാബദ്ധനായിരിക്കുമ്പോഴും അതു നടപ്പിലാക്കുമ്പോഴുണ്ടാകുന്ന പ്രതികരണം എന്തായിരിക്കുമെന്ന ഒരാശങ്ക പ്രവാചകനിലുണ്ടായിരുന്നു. അങ്ങനെ ആശങ്കിക്കേണ്ടതില്ലെന്നു സമാധാനിപ്പിക്കുകയാണ് إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمًا എന്ന വാക്യം. അല്ലാഹുവിന് എല്ലാ കാര്യങ്ങളും ശരിയായിട്ടറിയാം. സർവജ്ഞൻ മാത്രമല്ല തികഞ്ഞ യുക്തിമാനുമാണവൻ. യുക്തിയും ഔചിത്യവുമില്ലാതെ യാതൊന്നും അവൻ കൽപിക്കുകയില്ല. അവന്റെ നിർദേശങ്ങൾക്കെതിരെ ഉയരുന്ന വിവാദങ്ങൾ അവഗണിക്കപ്പെടേണ്ട മൂഢജൽപനങ്ങൾ മാത്രമാകുന്നു.

ഇവിടെ സത്യനിഷേധികളെയും കപടവിശ്വാസികളെയും ചേർത്തുപറഞ്ഞത് ഈ രണ്ടു കൂട്ടരും അടിസ്ഥാനപരമായി ഒരേ ഗണമാണെന്ന് വ്യക്തമാക്കുന്നു. ഇസ്‌ലാം വിരോധത്തിൽ ഇരു കക്ഷികളും തുല്യരാണ്. വ്യത്യാസം ഇതുമാത്രം: കാഫിറുകൾ തങ്ങളുടെ ശത്രുത തുറന്നു പറഞ്ഞ് പുറമെ നിന്ന് ഇസ്‌ലാമിനെ നശിപ്പിക്കാൻ ശ്രമിക്കുന്നു. മുനാഫിഖുകൾ വിശ്വാസികളെന്നു നടിച്ച് മുസ്‌ലിം സമൂഹത്തിനകത്ത് കടന്നുകയറി ഉള്ളിൽനിന്ന് നശിപ്പിക്കാൻ ശ്രമിക്കുന്നു. രണ്ടു കൂട്ടരുടെയും ലക്ഷ്യം ഒന്നായതിനാൽ പരിണതിയും ഒന്നാകുന്നു. എന്നല്ല, നരകത്തിന്റെ ഏറ്റം അടിത്തട്ടിലെത്തുന്നവർ കപട വിശ്വാസികളാകുന്നു;

إِنَّ ٱلْمُنَٰفِقِينَ فِى ٱلدَّرْكِ ٱلْأَسْفَلِ مِنَ ٱلنَّارِ

(4:145) എന്ന് ഖുർആൻ മുന്നറിയിപ്പ് നൽകിയിരിക്കുന്നു.

●